**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5140** **11-08-2021 - ൽ മറുപടിയ്ക്ക്**

**കിലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ഭാവി വികസനം മുന്നിൽ കണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എ) | 1. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള മ്യൂസിയം:- ഇത് സംബന്ധിച്ച പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഈ വർഷം തന്നെ പൂർത്തിയാകും. 2. തളിപ്പറമ്പിൽ പുതിയ കേന്ദ്രവും പുതിയ കോഴ്സും:- കിലയുടെ തളിപ്പറമ്പ് കേന്ദ്രത്തിൽ പുതുതായി വിപുലമായ അക്കാദമിക് കേന്ദ്രം ആരംഭിക്കും. ആധുനിക ലോകത്തിലെ ഭരണവും വികസനവും കോർത്തിണക്കിയ വിവിധ കോഴ്സുകൾക്ക് രൂപം നൽകും. സർവകലാശാലകളുമായും ഇതര അക്കാദമിക് സ്ഥാപനങ്ങളുമായും കൈകോർത്തു കൊണ്ട് മികവിന്റെ കേന്ദ്രമായി ഈ കേന്ദ്രത്തെ വളർത്തും. ആദ്യ പടി എന്ന നിലയിൽ പ്രസ്തുത കേന്ദ്രത്തിലെ ആദ്യ കോഴ്സിന്റെ കരിക്കുലം, സിലബസ് എന്നിവ അന്തിമമാക്കും. 3. നൈപുണ്യ വികസനത്തിന് 100 പരിശീലന കോഴ്സുകൾ :- സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ രംഗത്തെ മുന്നേറ്റത്തിനു സഹായകമായി കിലയുടെ വിവിധ കേന്ദ്രങ്ങളിലായി 100 വിഷയങ്ങളിൽ നൈപുണ്യ വികസന പരിപാടികൾക്ക് തുടക്കം കുറിക്കും. 4. എല്ലാ നഗരസഭകൾക്കും ISO സർട്ടിഫിക്കറ്റ്:- ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ISO പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കിയത് കിലയാണ്. ഈ വർഷം നഗരസഭകളുടെ ISO സർട്ടിഫിക്കേഷനാവശ്യമായ നടപടികൾ പൂർത്തിയാക്കും. അതിലൂടെ എല്ലാ നഗരസഭകൾക്കും ISO സർട്ടിഫിക്കറ്റ് ലഭിക്കുമെന്ന് ഉറപ്പ് വരുത്തും. 5.ഓൺലൈൻ പരിശീലനങ്ങൾക്കായി സ്റ്റുഡിയോ:- ഓൺലൈൻ പരിശീലനങ്ങൾ വർദ്ധിച്ചു വരുന്നതിനാലും നൂതന പരിശീലന സങ്കേതങ്ങൾ ഉപയോഗിച്ച് മുന്നേറേണ്ടതിനാലും അതിനാവശ്യമായ ഒരു സ്റ്റുഡിയോ കിലയിൽ ഈ വർഷം സ്ഥാപിക്കും. 6. തദ്ദേശകം ഓൺലൈൻ ചർച്ച വേദി:- തദ്ദേശ |

| | | | | |
|---|---|---|---|---|
| | | | | ഭരണം വ്യവസ്ഥാപിതമാക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും ഇത് സംബന്ധിച്ച ആശയവിനിമയവും ചർച്ചകളും അനിവാര്യമാണെന്നതിനാൽ തദ്ദേശകം എന്ന പേരിൽ ഒരു ഓൺലൈൻ ചർച്ചാ വേദിക്ക് തുടക്കം കുറിക്കും. 7. ജനകീയാസൂത്രണ രജത ജൂബിലി അന്താരാഷ്ട്ര കോൺഫറൻസ്:- ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷമെന്ന നിലയിൽ വിപുലമായ പരിപാടികൾ സംഘടിപ്പിക്കും. ഈ വർഷം ഒരു അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിക്കും. 8. 25 വർഷങ്ങൾക്കായി 25 പുസ്തകങ്ങൾ:- വിവിധ വികസന മേഖലകളിലായി ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ അവലോകനം ചെയ്യുള്ള 25 പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിക്കും. 9. പട്ടിക വർഗ വികസന കാര്യശേഷി വികസന പരിപാടി:- കിലയുടെ അട്ടപ്പാടി കേന്ദ്രം ആസ്ഥാനമാക്കി പട്ടികവർഗ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിനായി സമഗ്രമായ കാര്യശേഷി വികസന പരിപാടി തയ്യാറാക്കി പരിശീലനം ആരംഭിക്കും. 10. കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മ പരിപാടി:- കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനായി പ്രാദേശിക കർമ്മ പദ്ധതി (Local Action Plan on Climate Change) തയ്യാറാക്കാനുള്ള പരിശീലനം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൂർത്തിയാക്കും. 11. പ്രാദേശിക തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ:- പ്രാദേശിക തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി വികസന പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നതിനായി പരിശീലനം സംഘടിപ്പിക്കും. ഇതിനാവശ്യമായ ടൂൾ കിറ്റ്, ഡാഷ് ബോർഡ് എന്നിവ തയ്യാറാക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഇത് രാജ്യത്തെ നൂതനമായ പ്രവർത്തനമാകും. 12.കിലയുടെ കാമ്പസ് വിപുലീകരണം:- കിലയുടെ തൃശ്ശൂർ കാംപസ് ഈ വർഷം വിപുലീകരിക്കും. അതോടൊപ്പം നവീകരിച്ച ഓഡിറ്റോറിയം പ്രവർത്തന സജ്ജമാക്കും. |

സെക്ഷൻ ഓഫീസർ